# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3280

13-03-2017- ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിദ്യാഭ്യാസ സാമൂഹിക പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നാണ് രൂപീകരിച്ചത്; ഇതിന്റെ കീഴിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ന്യൂനപക്ഷ ഡയറക്ടറേറ്റിന്റെ ഓഫീസുകൾ ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്; | (എ) | 14-01-2011-ലെ സ.ഉ(കൈ) നം. 19/2011/പൊ.ഭ.വ. പ്രകാരം പൊതുഭരണ വകുപ്പിൽ രൂപീകരിച്ച ന്യൂനപക്ഷസെല്ലിനെ ന്യൂനപക്ഷ വകുപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പിനു കീഴിൽ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടില്ല. എന്നാൽ എല്ലാ ജില്ലകളിലും ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു ണ്ട്. |
| (ബി) | പ്രസ്തുത വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ സാമൂഹിക പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടിയുടെ വിശദാംശങ്ങൾ എന്തൊക്കെ യെന്നറിയിക്കുമോ; | (സി) | ന്യൂനപക്ഷക്ഷേമത്തിനായുള്ള പ്രധാന മന്ത്രിയുടെ പുതിയ 15 ഇന പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള അവസരങ്ങൾ.<br>2. സ്കൂൾ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകൽ.<br>3. ഉറുദു ഭാഷ പഠിപ്പിക്കുന്നതിന് കൂടുതൽ തുക ലഭ്യമാക്കുക.<br>4. മദ്രസ്സാ വിദ്യാഭ്യാസം ആധുനികവത്ക്കരിക്കുക.<br>5. ന്യൂനപക്ഷ വിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക.<br>6. മൗലാനാ ആസാദ് എഡ്യൂക്കേഷണൽ ഫൗണ്ടേഷൻ മുഖേന വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണം.<br>7. പാവപ്പെട്ടവർക്കായുള്ള സ്വയം തൊഴിലും വേതനം മുഖേനയുള്ള തൊഴിലും.<br>8. സാങ്കേതിക പരിജ്ഞാനത്തിലൂടെ കഴിവ് വികസിപ്പിക്കുക<br>9. സാമ്പത്തിക കാര്യങ്ങളിൽ ഉദാരമായ ലോണുകൾ മുഖേനയുള്ള പിന്തുണ.<br>10. സംസ്ഥാന-കേന്ദ്ര സർക്കാർ സർവ്വീസുകളിലേക്കുള്ള നിയമനം.<br>11. ഗ്രാമീണ ഭവന പദ്ധതികളിൽ നിയമാനുസരണമായ പങ്ക്.<br>12. ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന ചേരി പ്രദേശങ്ങളുടെ ഉന്നമനം.<br>13. സാമുദായിക സംഘട്ടനങ്ങൾ തടയുന്നതിനുള്ള മുൻകരുതലുകൾ.<br>14. സാമുദായിക കുറ്റങ്ങൾക്കെതിരായുള്ള ശിക്ഷണ നടപടികൾ.<br>15. സാമുദായിക സംഘട്ടനങ്ങളിൽ ഇരയായവരുടെ പുനരധിവാസം. |
| (ഡി) | വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ സംബന്ധിച്ച മോണിട്ടറിങ്ങിന് എന്തെങ്കിലും നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാനതലത്തിൽ കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. യോഗം കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ.

1. **ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ**

കേന്ദ്ര -സംസ്ഥാന സർവ്വീസുകളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം എന്ന പേരിൽ തിരുവനന്തപുരം, കരുനാഗപ്പള്ളി, പത്തനംതിട്ട, ആലപ്പുഴ, കാഞ്ഞിരപ്പള്ളി, തൊടുപുഴ, ആലുവ, തൃശ്ശൂർ, പാലക്കാട്, പൊന്നാനി, വേങ്ങര, പെരിന്തൽമണ്ണ, കോഴിക്കോട്, വയനാട്, പയ്യന്നൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ പരിശീലന കേന്ദ്രം പ്രിൻസിപ്പലിന്റെ മേൽനോട്ടത്തിൽ 20 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, റെയിൽവേ റിക്രൂട്ടമെന്റ് ബോർഡ് തുടങ്ങിയ മേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് ഹ്രസ്വകാല പരിശീലനമാണ് നൽകുന്നത്.

2. **സി.എച്ച്.മുഹമ്മദ്കോയ സ്ക്കോളർഷിപ്പ്**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രത്യേകിച്ച് മുസ്ലിം സമുദായത്തിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ബിരുദത്തിനു പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 5000/- രൂപ വീതവും ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 6000/- രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 7000/- രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് 2000 പേർക്ക് 13000/- രൂപ വീതവും പ്രതിവർഷം നൽകുന്നു.

3. **സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്ക്കോളർഷിപ്പ്**

സി.എ. /ഐ.സി.ഡബ്ല്യു.എ./ സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി. ഫൗണ്ടേഷൻ / കോമൺ പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്നവർക്കും ഇന്റർമീഡിയേറ്റ്/എക്സിക്യൂട്ടീവ്, ഫൈനൽ/ /പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. 15,000/ രൂപയാണ് സ്കോളർഷിപ്പ് തുക.

4. **ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി**

ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾക്കും, വിവാഹബന്ധം വേർപ്പെടുത്തിയവർക്കും, ഉപേക്ഷിക്കപ്പെട്ടവർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന ടി പദ്ധതിയിൽ ഒരു വീടിന് രണ്ടര ലക്ഷം രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. ഫീൽഡ് വെരിഫിക്കേഷനിൽ അർഹരായി കണ്ടെത്തുന്ന അപേക്ഷകർക്ക് ഒന്നാം ഗഡുവായ 20% തുകയായ 50,000/- രൂപ ഉടനടി അനുവദിക്കുന്നതാണ്. രണ്ടാം ഗഡുവായ 50% തുകയായ 1,25,000/ രൂപ വീടിന്റെ ബേയ്സ്മെന്റ് പൂർത്തിയാക്കുമ്പോഴും അവസാന ഗഡുവായ 30% തുകയായ 75,000/- രൂപ വിടിന്റെ മേൽക്കൂര പൂർത്തിയാകുന്ന മുറയ്ക്കും നൽകുന്നതാണ്.

5. **കരിയർ ഗൈഡൻസ് പരിശീലനം**

മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ്-വ്യക്തിത്വ വികസന പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. അഭിരുചിക്കനുസരിച്ച് ഉപരിപഠന മേഖലകൾ തെരഞ്ഞെടുക്കുക, വ്യക്തിത്വ രൂപീകരണം തുടങ്ങിയവയാണ് ഈ ക്യാമ്പിന്റെ മുഖ്യ ലക്ഷ്യങ്ങൾ. ഒരു ക്യാമ്പിൽ പരമാവധി 100 വിദ്യാർത്ഥികൾക്കാണ് അവസരം.

6. **സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ് സ്കീം**

സർക്കാർ അംഗീകൃത സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ഫീ-റീഇംബേഴ്സ്മെന്റ് സ്കീമാണിത്. ഒരു വർഷ കോഴ്സിന് 10,000/- രൂപയും രണ്ട് വർഷ കോഴ്സിന് 20,000/- രൂപയുമാണ് ഫീ-റീഇംബേഴ്സ്മെന്റ് തുകയായി അനുവദിക്കുന്നത്.

7. **പ്രൊഫ:ജോസഫ്മുണ്ടശ്ശേരി സ്കോളർഷിപ്പ്-**

എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ/ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. കേരള സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി/ പ്ലസ് ടു /വി.എച്ച്.എസ്.ഇ വിഭാഗത്തിന് 10,000/- രൂപയും ബിരുദം/ ബിരുദാനന്തരബിരുദം തലങ്ങളിൽ 15,000/- രൂപയുമാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.

8. **ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി**

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റുകൾ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ഭരണാനുമതി നൽകി സർക്കാർ അനുവദിക്കുന്ന തുക പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് വകുപ്പ് ഡയറക്ടറേറ്റ് കൈമാറുകയും ചെയ്യുന്നു.

9. **കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP)**

എം.എസ്.ഡി.പി 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

10. **സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി**

സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ അംഗീകൃത സെന്ററുകളിൽ പഠിക്കുന്ന 6 ലക്ഷത്തിൽ താഴെ വരുമാനമുള്ളവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസായി പരമാവധി 20000/- രൂപയും ഹോസ്റ്റൽ ഫീസായി പരമാവധി 10000/ രൂപയും റീ-ഇംബേഴ്സ് ചെയ്തു നൽകുന്നു.

11. **ഉറുദു ക്യാഷ് അവാർഡ്**

2015-2016 വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ ഉറുദു ഒന്നാം ഭാഷയായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ 262 വിദ്യാർത്ഥികൾക്കും പ്ലസ് 2 വിന് ഉറുദു ഒന്നാം ഭാഷയായി എല്ലാവിഷയത്തിനും എ+ നേടുന്ന 25 വിദ്യാർത്ഥികൾക്കും 1000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**